**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2128** **30-09-2025 - ൽ മറുപടിയ്ക്ക്**

**വ്യാജ ജി.എസ്.ടി. രജിസ്ട്രേഷനുമായി ബന്ധപ്പെട്ട പോലീസ് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. റോജി എം. ജോൺ** | | **ശ്രീ. പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വ്യാജ ജി.എസ്.ടി. രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകളുടെ എഫ്.ഐ.ആർ. നമ്പർ അറിയിക്കാമോ; അന്വേഷണത്തിന്റെ നിലവിലെ അവസ്ഥ വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് വ്യാജ ജി.എസ്.ടി. രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് നാളിതുവരെ 14 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിന്റെ വിവരങ്ങൾ അനുബന്ധം ആയി ചേർക്കുന്നു. |
| (ബി) | വ്യാജ ജി.എസ്.ടി. രജിസ്ട്രേഷനിൽ ഉൾപ്പെട്ട മൂൾ ബാങ്ക് അക്കൗണ്ടുകൾ മരവിപ്പിക്കുന്നതിന് പോലീസ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എത്ര അക്കൗണ്ടുകൾ മരവിപ്പിച്ചെന്നും എത്ര തുക കണ്ടുകെട്ടിയെന്നും വിശദമാക്കാമോ; | (ബി) | വ്യാജ ജി.എസ്.ടി. രജിസ്ട്രേഷനിൽ ഉൾപ്പെട്ട മൂൾ ബാങ്ക് അക്കൗണ്ടുകൾ മരവിപ്പിക്കുന്നതിന് പോലീസ് നടപടി സ്വീകരിച്ചിട്ടുണ്ട്. കോട്ടയം ജില്ലയിൽ HDFC സംക്രാന്തി ബ്രാഞ്ചിലെ ഒരു അക്കൗണ്ടും, KOTAK MAHINDRA കോട്ടയം ബ്രാഞ്ചിലെ ഒരു അക്കൗണ്ടും, എറണാകുളം റൂറൽ ജില്ലയിൽ ലക്ഷ്മി വിലാസ് ബാങ്ക് ലിമിറ്റഡ് പെരുമ്പാവൂർ ബ്രാഞ്ചിലെ ഒരു അക്കൗണ്ടും, ICICI ബാങ്കിന്റെ Burra Bazar-Kolkata, Rajarhat-Gopalpur, Serampore എന്നീ 3 ബ്രാഞ്ചുകളിലെ ഓരോ അക്കൗണ്ടുകളും, Punjab National Bank Nimtala ബ്രാഞ്ചിലെ ഒരു അക്കൗണ്ടും, കോഴിക്കോട് സിറ്റി ജില്ലയിൽ YES Bank നടക്കാവ് ബ്രാഞ്ചിലെ ഒരു അക്കൗണ്ടും ഉൾപ്പെടെ ആകെ 8 അക്കൗണ്ടുകൾ മരവിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. ടി അക്കൗണ്ടുകളിൽ നിന്നും തുക കണ്ടുകെട്ടിയിട്ടില്ലാത്തതാണ്.<br><br>വ്യാജ ജി.എസ്.ടി. രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് ക്രൈംബ്രാഞ്ച് രജിസ്റ്റർ ചെയ്ത കേസന്വേഷണത്തിന്റെ ഭാഗമായി ജി.എസ്.ടി. വകുപ്പിൽ നിന്നും ലഭിച്ച രണ്ട് ബാങ്ക് അക്കൗണ്ടുകളുടെ വിവരങ്ങൾ പരിശോധിച്ചതിൽ 16/08/2023-ന് ശേഷം നിലവിൽ വന്ന ഈ അക്കൗണ്ടുകളിൽ inoperative ഉം balance zero ഉം ആണ്. |
| (സി) | സൈബർ ക്രൈമുകളുടെയും വ്യാജ ജി.എസ്.ടി. രജിസ്ട്രേഷനുകളുടെയും എണ്ണം | (സി) | സൈബർ ക്രൈമുകളുടെ എണ്ണം വർദ്ധിച്ച് വരുന്ന പശ്ചാത്തലത്തിൽ അവ കാര്യക്ഷമമായി |

| | | | |
|---|---|---|---|
| | വർദ്ധിച്ചുകൊണ്ടിരിക്കുന്ന പശ്ചാത്തലത്തിൽ ഭാവിയിൽ ഇത്തരം പ്രവർത്തനങ്ങൾ തടയുന്നതിന് ആഭ്യന്തര വകുപ്പ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന പ്രതിരോധ നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | | തടയുന്നതിന് വേണ്ട മുൻകരുതൽ എന്ന നിലയിൽ കേരളാ പോലീസ് വികസിപ്പിച്ചു കൊണ്ടിരിക്കുന്ന പദ്ധതിയാണ് സൈബർ വാൾ പ്രോജക്ട്. സൈബർ സ്പേസിൽ സാധാരണ ക്കാരായ ജനങ്ങൾ സൈബർ തട്ടിപ്പുകൾക്ക് ഇരയാവാതിരിക്കാൻ കേരള പോലീസ് സൈബർ ഡിവിഷൻ വികസിപ്പിക്കുന്ന പോർട്ടൽ/ മൊബൈൽ ആപ്ലിക്കേഷൻ ആണ് ഇത്. സാധാരണ ക്കാർക്ക് സംശയാസ്പദമായി തോന്നുന്ന വെബ് സൈറ്റ് ലിങ്കുകൾ, ഇ-മെയിലുകൾ, ഐ.പി. അഡ്രസ്സ്, എ.പി.കെ. ഫയലുകൾ, ബാങ്ക് അക്കൗണ്ട് നമ്പറുകൾ, ഫോൺ നമ്പറുകൾ എന്നിവ പോർട്ടലിൽ നൽകിയിട്ടുള്ള സെർച്ച് ബോക്സിൽ നൽകിയാൽ അതിന്റെ വിശ്വാസ്യത അറിയാൻ സാധിക്കും. അതിനായി ഈ പോർട്ടലിൽ 0 മുതൽ 100 വരെയുള്ള ഒരു സ്കോറും നല്കിയിട്ടുണ്ട്. മാത്രമല്ല, വെബ് സൈറ്റ് ലിങ്കുകൾ ആണെങ്കിൽ അതിന്റെ കാലപ്പഴക്കം അതിന്റെ സ്വഭാവം, ഫിഷിങ് മുതലായ തട്ടിപ്പുകൾക്ക് സാധ്യത ഉണ്ടോ എന്നെല്ലാം അറിയാൻ സാധിക്കും. ഏതൊരു സാധാരണക്കാർക്കും അനായാസം ഉപയോഗിക്കാൻ പറ്റുന്ന രീതിയിൽ ആണ് ഈ പോർട്ടൽ ഡിസൈൻ ചെയ്തിരിക്കുന്നത്. ഇതിൽ ഇംഗ്ലീഷിലും മലയാളത്തിലും ഔട്ട് പുട്ട് ലഭ്യമാണ്. നിലവിൽ ടെസ്റ്റിംഗ് സ്റ്റേജിൽ ആണ് ഈ പ്രോജക്ട്..<br><br>വ്യാജ രേഖകൾ ഉപയോഗിച്ച് ജി.എസ്.ടി. രജിസ്ട്രേഷൻ നേടിക്കൊണ്ട് വ്യാജ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് കൈമാറ്റം ചെയ്യുന്നതായി ജി.എസ്.ടി. വകുപ്പിലെ ഇന്റലിജൻസ് വിഭാഗം കണ്ടെത്തിയിട്ടുണ്ട്. ഇത്തരം കേസുകളിൽ ഇന്റലിജൻസ് വിഭാഗത്തിന്റെ സെർച്ച്, ഇൻവെസ്റ്റിഗേഷൻ എന്നീ നടപടി കളിലൂടെ വ്യാജമായി കൈമാറ്റം ചെയ്തതായി കണ്ടെത്തുന്ന ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് തിരിച്ചുപിടിക്കുന്നതിനും ഇത്തരത്തിലുള്ള രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ, വെട്ടിപ്പ് നടത്തിയവർ ക്കെതിരെ പെനാൽറ്റി നടപടികളും സ്വീകരിച്ചു വരുന്നു. ഇതോടൊപ്പം തന്നെ ദേശീയ തലത്തിൽ നടന്നുവരുന്ന ആന്റി ഫേക്ക് ഇൻവോയ്സ് & രജിസ്ട്രേഷൻ ഡ്രൈവ് എന്ന പദ്ധതിയിലൂടെ സംസ്ഥാനങ്ങൾ പരസ്പരം കൈമാറുന്ന വിവരങ്ങളിലൂടെയും ഇത്തരം വ്യാജ രജിസ്ട്രേഷൻ കണ്ടെത്തി മേൽ വിവരിച്ച രീതിയിലുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | വ്യാജ രേഖകൾ ഉപയോഗിച്ച് ജി.എസ്.ടി. രജിസ്ട്രേഷൻ നടത്തുന്നതിൽ ഉൾപ്പെട്ട സംഘങ്ങളെ തിരിച്ചറിയുന്നതിനും അവർക്കെതിരെ നിയമനടപടി | (ഡി) | വ്യാജ രേഖകൾ ഉപയോഗിച്ച് ജി.എസ്.ടി. രജിസ്ട്രേഷൻ നടത്തുന്ന സംഘങ്ങളെ തടയുന്നതിനും തിരിച്ചറിയുന്നതിനും പോലീസിന് ലഭ്യമായ |

| | | | |
|---|---|---|---|
| | സ്വീകരിക്കുന്നതിനുമായി പോലീസിന് ലഭ്യമായ സാങ്കേതിക സൗകര്യങ്ങളും വിദഗ്ധ സേവനങ്ങളും മതിയായതാണോ എന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ ഈ മേഖലയിൽ കൂടുതൽ സാങ്കേതിക പിന്തുണ ലഭ്യമാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ; | | സാങ്കേതിക സൗകര്യങ്ങളും വിദഗ്ധ സേവനങ്ങളും പര്യാപ്തമാണ്. |
| (ഇ) | 2025 - ൽ കോട്ടയം ജില്ലാ പോലീസ് മേധാവിയുടെ മുമ്പാകെ ഇത്തരം വ്യാജ ജി.എസ്.ടി. രജിസ്ട്രേഷൻ തട്ടിപ്പിന് ഇരയായ ഏതെങ്കിലും വ്യക്തി സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്യാതിരുന്നിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണങ്ങൾ വിശദമാക്കാമോ? | (ഇ) | കോട്ടയം ജില്ലാ പോലീസ് മേധാവിയുടെ മുമ്പാകെ 2025 വർഷത്തിൽ ഇത്തരം പരാതികൾ ലഭിച്ചിട്ടില്ലാത്തതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| സംസ്ഥാനത്ത് വ്യാജ ജി.എസ്.ടി. രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് നാളിതുവരെ രജിസ്റ്റർ ചെയ്ത കേസുകളുടെ വിവരം | | | | | |
|---|---|---|---|---|---|
| SL. NO. | DISTRICT | POLICE STATION | CRIME NO. | SECTION OF LAW | PRESENT STATUS |
| 1 | ALAPPUZHA | VEEYAPURAM | 432/2025 | 318(4) THE BHARATIYA NYAYA SANHITA (BNS), 2023 | UI |
| 2 | KOTTAYAM | GANDHINAGAR | 330/2024 | 468, 471 IPC | UD |
| 3 | ERNAKULAM RURAL | PERUMBAVOOR | 1535/2020 | 1860:- 420, 471, 465 IPC | CHARGED BY SDPO PBVR ON 31.10.2023 |
| 4 | ERNAKULAM RURAL | PERUMBAVOOR | 0095/2022 | 419,468,471, 34 IPC | CHARGED ON 24.03.2025 |
| 5 | ERNAKULAM RURAL | PERUMBAVOOR | 0658/2021 | 120-B,406,420,468 IPC | FINAL REPORTED ON 22.09.2025 |
| 6 | ERNAKULAM RURAL | PERUMBAVOOR | 555/2025 | 61(2),336(2),340(2) THE BHARATIYA NYAYA SANHITA (BNS), 2023 | UI |
| 7 | ERNAKULAM RURAL | BINANIPURAM | 150/2022 | 205,416,IPC & 66 D of IT Act | UI |
| 8 | THRISSUR CITY | PEECHI | 346/ 2023 | 419, 420, 468 IPC | UD |
| 9 | KOZHIKODE CITY | ELATHUR | 357/2024 | 406, 417, 419, 420, 465, 467, 468, 474, 120 IPC | UI |
| 10 | KOZHIKODE CITY | NADAKKAVU | 191/2024 | 465, 468, 471, 420, 506 IPC | UI |
| 11 | KOZHIKODE CITY | NADAKKAVU | 34/2023 | 465,468,471 IPC | FAD |
| 12 | KOZHIKODE CITY | TOWN | 936/2023 | 468, 471, 420 r/w 34 IPC | PT |

| | | | | | |
|---|---|---|---|---|---|
| 13 | KOZHIKODE CITY | TOWN | 101/2024 | 409, 420, 468, r/w 34 IPC | UI |
| 14 | Crime Branch | Crime Branch Trivandrum | 2847/2023 | 417,418,419,420,465,468,471 IPC & 66 D of IT Act GST | UI |